(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികയിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകാൻ പാടില്ലെന്ന കോടതിവിധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത വിധിക്കെതിരെ പ്രവർത്തിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ബഹു. കോടതിയുടെ ഈ വിധിയുടെ പകർപ്പ് എല്ലാ വകുപ്പു തലവൻമാർക്കും നിയമനാധികാരികൾക്കും അതിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആശ്രിത നിയമനം

(101) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്രിതനിയമന പദ്ധതി പ്രകാരം 1999 ആഗസ്റ്റ് വരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതുവർഷം വരെയുള്ള അപേക്ഷകർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്-പ്യൂൺ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഡി) 6.6.1996-ൽ ആശ്രിത നിയമന വ്യവസ്ഥയിൽ അപേക്ഷ നൽകുകയും 3.11.1997-ലെ ജി.ഒ. (എം.എസ്) നം.433/97/ജി.ഇ.ഡി.എൻ., ടി.വി.എം., പ്രകാരം ഉത്തരവ് ലഭിക്കുകയും ചെയ്ത ശ്രീ. മുഹമ്മദ് ഷാഫി, കമുകറ കോണത്തുവീട്, കൊച്ചാലുംമൂട്, കന്യാകുളങ്ങര എന്ന ആളിന് എന്ന് നിയമന ഉത്തരവ് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലി വാഗ്ദാനം നൽകി പണം വാങ്ങുന്നതായുള്ള പരാതി

(107) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly